# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3136** **20/6/2014** ൽ മറുപടിയ്ക്ക്

### നിരോധിക്കപ്പെട്ട കീടനാശിനികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നിരോധിക്കപ്പെട്ട കീട നാശിനികൾ ഏതെല്ലാമാണ്; | (എ) വിഷവീര്യം കൂടിയ ചുവപ്പ് ലേബലുള്ള കീടനാശിനികളായ കാർബോഫ്യൂറാൻ, ഫോറേറ്റ്, മീതൈൽ പാരത്തയോൺ , മോണോക്രോട്ടോഫോസ്, മീതയിൽ ഡിമറ്റോൺ എന്നിവയും മഞ്ഞ നിറത്തിലുള്ള ലേബലോടു കൂടിയ കീടനാശിനികളായ ട്രയാസോഫോസ്, പ്രോഫനോഫോസ് എന്നിവയും കുമിൾനാശിനികളായ എഡിഫൻഫോസ്, ട്രൈസെക്ളാസോൾ, ഓക്സിതയോക്യൂനോക്സ് എന്നിവയും കളനാശിനികളായ അനിലോഫോസ്, പാരക്വാറ്റ്, തയോബൻകാർബ്, അട്രാസിൻ എന്നിവയുമാണ് സർക്കാർ ഉത്തരവ് നം. 116/2011/കൃഷി തീയതി 7/5/2011 പ്രകാരം കേരളത്തിൽ നിരോധിച്ചത്. |
| (ബി) നിരോധിക്കപ്പെട്ട കീടനാശിനികൾ വിൽപ്പന നടത്തുന്ന വരെ കണ്ടുപിടിക്കുവാനും ശിക്ഷാനടപടികൾ സ്വീകരിക്കുവാനും കൃഷിവകുപ്പിന്റേതായ സംവിധാനം നിലവിലുണ്ടോ ; | (ബി) നിലവിലുണ്ട്. സംസ്ഥാനത്തെ കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ജി ഒ (എംഎസ്) 22/2011 കൃഷി തീയതി 17/1/2011 പ്രകാരം ഏർപ്പെടുത്തി കൊണ്ട് ഉത്തരവായിട്ടുണ്ട്. കൃഷി വകുപ്പിലെ കൃഷി ഓഫീസറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ വില്പനശാലകളിൽ നിന്നും കീടനാശിനികൾ നൽകാവൂ എന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ജില്ലാകളക്ടറുടെ നേതൃത്വത്തിൽ അനധികൃതമായി കീടനാശിനി വില്പനയും ഉപയോഗവും തടയുന്നതിനായി സ.ഉ.(എം.എസ്) നം. 136/2011/കൃഷി തീയതി 23/5/2011 സർക്കാർ ഉത്തരവ് പ്രകാരം ഒരു ജില്ലാതല മാർട്ടിഡിസിപ്ലിനറി സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. പ്രതിമാസ പരിശോധനകൾ |

ഡിപ്പോകളിലും അതിർത്തി ജില്ലകളിലും നടത്തുന്നതിന് അസിസ്റ്റന്റ് ഡയറക്ടർ (ക്യൂ.സി) മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ലെങ്കിൽ മറ്റെന്തു സംവിധാനമാണ് നിലവിലുള്ളത് ;

(സി) ബാധകമല്ല.

(ഡി) നിരോധിക്കപ്പെട്ട കീടനാശിനികളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുവാൻ എന്തു പരിപാടിയണ് നടപ്പിലാക്കുന്നത്?

(ഡി) പരിശീലന പരിപാടികൾ, ബോധവൽക്കരണ ക്യാംപെയ്നുകൾ എന്നിവ വഴി നിരോധിക്കപ്പെട്ട കീടനാശിനികളെ കുറിച്ചും അവയ്ക്ക് പകരം ഉപയോഗിക്കാവുന്ന ബദൽ കീടനാശിനികളെ സംബന്ധിച്ചും കർഷകരിൽ അവബോധം വളർത്തുന്നു. കൂടാതെ കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ സംയോജിത കീട നിയന്ത്രണം, ജൈവകൃഷി, ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകി നടപ്പിലാക്കുന്നു.

**സെക്ഷൻ ഓഫീസർ**